# തണുപ്പ്

ഡോ. ഹേമമാലിനി എം.

മാധവിക്കുട്ടിയുടെ സ്വന്തം ദാമ്പത്യം പ്രവാസം എന്നിവയുടെ അനുഭവതീക്ഷ്ണതകൾ 'തണുപ്പിൽ' അരിച്ചിറങ്ങുന്നുണ്ട്. 'തണുപ്പി'ന്റെ രചനാകാലത്തും അതിനിപ്പുറം അടുത്ത കാലംവരെയും സ്ത്രീയുടെ 'തുറന്നെഴുത്തു'കൾ സ്പർശിക്കാൻ ഭയപ്പെട്ട് ഒഴിഞ്ഞുനടന്ന ദാമ്പത്യം, സ്ത്രൈണലൈംഗികത എന്നിവയുടെ ആഴങ്ങളിലേക്കാണ് തണുപ്പ് ഇറങ്ങിച്ചെന്നത്. പതിവ് സ്തോത്ര, ശീലാവതി പാട്ടുകൾക്കപ്പുറമുള്ള കരുത്തുറ്റ സ്ത്രീരചനകളെന്നു അവകാശം നടിച്ച രചനകളുടെ സ്വഭാവം ഒന്നുകിൽ പെണ്ണെഴുത്ത്= ആണെഴുത്ത് എന്നു ബോധ്യപ്പെടുത്തുന്ന അനുകരണങ്ങളോ അതല്ലെങ്കിൽ പുരുഷനിരാസങ്ങളുടെ കടുത്ത ഭാഷ്യങ്ങളോ ആകുക എന്നതായിരുന്നു. എന്നാൽ നടപ്പു സദാചാരമൂല്യങ്ങളോടും പുരുഷവിരോധികളുടെ 'ചെറുത്തുനില്പു'കളോടും ഒരുപോലെ പുറംതിരിഞ്ഞു നിൽക്കുകയും, സ്ത്രീക്കു സ്വന്തമായി ഒരാവിഷ്കാരസാധ്യതയുണ്ടെന്നു ബോധ്യപ്പെടുത്തുകയുമാണ് 'തണുപ്പ്' ചെയ്തത്. ഈ സാധ്യത കണ്ട് അമ്പരന്ന മലയാളിവായനാസമൂഹം 'എന്റെ കഥ'യ്ക്കു മുൻപേ മാധവിക്കുട്ടിയുടെ എഴുത്തിനു ധിക്കാരത്തിന്റെ താൻപോരിമയുടെ ചാപ്പകുത്തിയിരുന്നു.

ചെറുകഥയുടെ നിലനിന്നിരുന്ന രൂപഘടനയിൽത്തന്നെ കാതലായ മാറ്റങ്ങളാണ് 'തണുപ്പ്' വരുത്തിയത്. നോവലിന്റെ സംക്ഷിപ്തരൂപമാണ് ചെറുകഥ എന്ന സങ്കല്പത്തിനതീതമായി ഏതാനും വരികളിലൊതു

ങ്ങുന്ന ചെറുകഥയിൽ ഒരു നോവലിന്റെ ഭാവനാപ്രപഞ്ചം തന്നെ ഇതിൽ അനാവൃതമാകുന്നു. 'തണുപ്പ്' എന്ന തലക്കെട്ടിൽ നിന്നുതന്നെ സങ്കീർണ്ണങ്ങളായ അർഥതലങ്ങളും അവയുടെ വ്യാഖ്യാന സാധ്യതകളും ആരംഭിക്കുന്നു.

'തണുപ്പി'നു പല അവസ്ഥകളുണ്ട്. കത്തുന്ന വേനലിൽ തണൽ, വേവുന്ന അകച്ചൂടിൽ കുളിർ എന്നീ സുഖദങ്ങളായ അവസ്ഥകൾ ശീലിച്ച ശരീരം അപരിചിതമായ മരണത്തിന്റെ വെറുങ്ങലിപ്പിനെ ഭയമായി സദാ മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. മനുഷ്യന്റെ ഉപബോധമനസ്സിൽ ജാഗ്രത്തായ ഈ മരണഭയം ജീവിതവിരക്തിയുടെ ഏതെങ്കിലും ഘട്ടത്തിൽ ബോധമനസ്സിൽ മിന്നലാകുമ്പോൾ ശരീരം ആ അവസ്ഥയെ അനുഭവിക്കുന്നത്, തിരിച്ചറിയുന്നത് തണുപ്പായിട്ടാണ്. ജീവിത വിരക്തിയും അവയുടെ കാരണങ്ങളും വ്യക്തിനിഷ്ഠവും അതുകൊണ്ടു തന്നെ വ്യത്യസ്തങ്ങളുമാണ്. ആത്മവിരക്തിയുടെ നിഴലുകളായി ബോധമനസ്സിൽ ഇടിമുഴക്കങ്ങൾ സൃഷ്ടിക്കുന്ന ഈ ശൈത്യം മാധവിക്കുട്ടിയെ സംബന്ധിച്ചിടത്തോളം ലൈംഗിക അതൃപ്തിയുടെയോ വിരക്തിയുടെയോ സൂചനകളാണ്. 'തണുപ്പി'ൽ നിന്നു ആരംഭിക്കുന്ന ഈ സൂചനകൾ 'മണിക്കാളകൾ' വരെ നീണ്ടുകിടക്കുന്നുമുണ്ട്.

നിയതമായ തുടക്ക ഒടുക്കങ്ങളിലൂടെ നീങ്ങുന്ന കഥയല്ല 'തണുപ്പ്'. ഭർത്താവിനെ യാത്രയയച്ച് സുഹൃത്തിനെ തേടി അയാളുടെ മുറിയിലേക്കു പോകുന്ന ഭാര്യ. ഈ രണ്ട് ഹ്രസ്വയാത്രകളിൽ സ്ത്രീ മനസ്സ് നടത്തുന്ന സഞ്ചാരമാണ് കഥയുടെ ഇതിവൃത്തം. ഭർത്താവിൽ നിന്നു സുഹൃത്തിലേക്കുള്ള ശരീരത്തിന്റെ സഞ്ചാരത്തിനു സമാന്തരമാണ് മനസ്സിന്റെയും സഞ്ചാരം. സമൂഹത്തിനു വളരെ ലളിതമായി അപഥസഞ്ചാരമെന്നു വിധികല്പിക്കാവുന്ന ഈ യാത്ര ഭർത്താവ്-സുഹൃത്ത്, ജീവിതം-മരണം, ശരീരം- മനസ്സ് എന്നീ ദ്വന്ദ്വങ്ങൾക്കിടയിലെ അകലങ്ങൾ കൂടി അളക്കുന്നു.

വൈരുധ്യങ്ങളിലേക്കുള്ള കഥാപാത്ര മനസ്സിന്റെ ആന്ദോളനങ്ങളാണ് കഥയുടെ മർമ്മരം. 'നിന്റെ സ്നേഹം ശരീരത്തിനല്ല. കാണാൻ കൂടി കഴിയാത്ത കേന്ദ്രത്തിലാണെന്നു പറയുന്ന ഭർത്താവിനെയും, ആത്മാവിന്റെ വേരുകൾ ശരീരത്തിലാണെന്നു പറയുന്ന ഇന്ദ്രജിത്ത് എന്ന സ്നേഹിതനെയും ഒരുപോലെ ഇഷ്ടപ്പെടുകയും ആഗ്രഹിക്കുകയും ചെയ്യുന്ന മനസ്സാണ് ഇതിലെ സ്ത്രീയുടേത്. 'എനിക്കു മരണത്തെപ്പറ്റി കേൾക്കുക തന്നെ വേണ്ട എന്നു മരണചിന്തകളിൽ നിന്നു രക്ഷപ്പെടാൻ സുഹൃത്തിനെ തേടിച്ചെന്ന്, അവരുടേതായ ആനന്ദാനുഭൂതികളുടെ മുഹൂർത്തത്തിൽ 'ഞാൻ ഈ നിമിഷത്തിൽ മരിക്കട്ടെ' എന്നും അവരാഗ്രഹിക്കുന്നുണ്ട്. സ്ത്രീ അനുഭവിക്കുന്ന സ്നേഹരാഹിത്യല്ല, സ്നേഹത്തിൽ നിന്നുതന്നെയുള്ള രക്ഷപ്പെടലാണ് ഈ





യാത്രയും അന്വേഷണവും എന്നതാണ് മറ്റൊരു വൈരുധ്യം.
കഥയിൽ "ഞാൻ ഈ പാവപ്പെട്ട ശരീരത്തെ സ്നേഹിക്കുന്നു.
ഇതിന്റെ അഭിനിവേശങ്ങൾ എനിക്കറിയാം" എന്ന് എന്താണ് സുഹൃത്ത്
ആ സ്ത്രീക്കു നൽകുന്നതെന്ന് കൃത്യമായി ഏറ്റുപറയുന്നുണ്ട്. കാണാ
നാകാത്ത ആത്മാവിനെക്കാൾ ശരീരത്തിന്റെ കാമനകളെ അംഗീകരി
ക്കുന്ന ഈ സത്യസന്ധത, അത് ഏറ്റുപറയുന്നതിലുള്ള ആർജ്ജവം,
എഴുത്തുകാരിയുടെ ശരീരപക്ഷിതയോടുള്ള തുറന്ന പ്രഖ്യാപനം' ഇവ
അതുവരെയുള്ള പെണ്ണെഴുത്തുകൾക്കു അപരിചിതമായിരുന്നു. എന്നാൽ
ആദ്യകഥ മുതലേ ശരീരത്തിന്റെ ആഘോഷങ്ങൾക്കു അക്ഷരങ്ങളിലൂടെ
ആവിഷ്കാരവും സ്വാതന്ത്ര്യവും നൽകുന്ന മാധവിക്കുട്ടിക്ക് വായനക്കാ
രുടെ സദാചാരചിന്തകളെക്കാൾ എഴുത്തിന്റെ തീക്ഷ്ണ സത്യബോധ
നങ്ങളായിരുന്നു പ്രധാനം. കഥാകാരിയെപ്പോലെത്തന്നെ ജീവിതത്തിന്റെ
ഊഷ്മളതകളോട് കൂറുപ്രഖ്യാപിക്കുന്ന കഥാപാത്രമാണ് ഇതിലുള്ളത്.
വാർധ്യക്യവും മരണവും എല്ലാം മറക്കാനാഗ്രഹിക്കുന്ന സ്ത്രീയെ
'എനിക്കു വയസ്സായി' എന്നു ആവർത്തിക്കുന്ന ഭർത്താവ് അപ്രിയങ്ങ
ളായ വിസ്മൃതസത്യങ്ങളെ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു. നേരേ വിപ
രീതമായി 'പുതുമഴയുടെ, തളിരിന്റെ, ജീവിതത്തിന്റെ മണമുള്ള' ഇന്ദ്ര
ജിത്ത് ജീവനുള്ള ജീവിതത്തെ മാത്രം ഓർമ്മിപ്പിക്കുന്നു. ഈ സ്ത്രീ
യുടെ ജീവിതത്തിൽ ഭർത്താവ് മരണത്തിന്റെയും സുഹൃത്ത് ജീവിത
ത്തിന്റെയും പ്രതീകമാകുന്നു. ഭർത്താവിന്റെ സാമീപ്യത്തെ സ്വന്തം ശരീ
രത്തെ പുതപ്പുകൾക്കടിയിൽ ഒതുക്കി തണുപ്പായി അനുഭവിക്കുമ്പോൾ
ഇന്ദ്രജിത്ത് അവർക്കു ഒരു തീനാളമാണ്. ഇവിടെ തണുപ്പ് മരണം, രതി
വിരതികൾ എന്നിവയെക്കൂടി പൂരിപ്പിക്കുന്നു.
അതാതുകാലത്തെ ട്രെൻഡി ആശയാദർശങ്ങളുടെ ഭാരങ്ങളില്ലാത്ത
താണ് എന്നും മാധവിക്കുട്ടിയുടെ രചനകൾ. രതിയും മരണവും ഇഴപി
രിഞ്ഞുകിടക്കുന്ന 'തണുപ്പ്' മനഃശാസ്ത്രത്തിന്റെയും സ്ത്രീവാദത്തി
ന്റെയും തത്ത്വാധിഷ്ഠിത നിർദ്ധാരണങ്ങൾക്കു സാധ്യത നൽകുന്നുണ്ട്.
തന്നിലുണരുന്ന പ്രാകൃതചോദനകൾ നിയന്ത്രിച്ചും അടിച്ചമർത്തിയും
മനുഷ്യൻ സംസ്കൃതചിത്തനാകുമ്പോൾ ഫ്രോയിഡ് ലിബിഡോ എന്നു
വിളിച്ച രതിഭാവങ്ങളാണ് നിർവീര്യമാക്കപ്പെടുന്നത്. യാഥാർഥ്യങ്ങളുടെ
അനുസരണകളിലൂടെ കടന്നുപോകുമ്പോൾ സമൂഹത്തിന്റെ സദാചാ
രചിന്തകളെ അലോസരപ്പെടുത്താതെ ഇവ സ്വാഭാവിക മാനവചോദന
കളായി പരിണമിക്കുന്നു. ബോധതലത്തിലെ യാഥാർഥ്യങ്ങളോട് അബോ
ധതലത്തിലെ ഇച്ഛകൾ നടത്തുന്ന ഒരു സമരസപ്പെടലാണ് ഇത്. സമര
സപ്പെടലിന്റെ ക്ലിഷ്ടതകളെ ഭ്രമണാത്മകമായ ഒരന്തരീക്ഷസൃഷ്ടിയിലൂടെ
മറികടക്കുകയുമാകാം. നിഗൂഢമായ ഇത്തരം മനോയാത്രകൾ തന്നെ
യാണ് 'തണുപ്പി'ലും. തന്റെ ശരീരത്തിന്റെ ഇച്ഛാപൂരണം ആഗ്രഹിച്ച്

നടത്തുന്ന ശ്രമങ്ങളും അന്വേഷണങ്ങളും "ഇവിടെ നടന്നതൊന്നും
യാഥാർത്ഥ്യമല്ലാതായി തീരും. യാഥാർഥ്യം വാർധക്യം ബാധിച്ച ഒരു
മനുഷ്യനാണ്" എന്നു യാഥാർഥ്യമോ ശാശ്വതമോ അല്ലെന്ന ബോധമ
നസ്സിന്റെ ഉണർവും കൂടെത്തന്നെയുണ്ട്. ഇങ്ങനെ വായനക്കാരനെ
ഇതിലെ സ്ത്രീയെ കൃത്യമായി ഒരു കളത്തിൽ തളയ്ക്കാൻ അനുവദി
ക്കാതെ അവളുടെ അഭിലാഷങ്ങളെ ബോധപൂർവം അബോധതല
ത്തിലും ഭ്രമാത്മകതലത്തിലും മാറ്റിമാറ്റി കഥയ്ക്കു അയഥാർഥമായ
ഒരു തലം കൂടി മാധവിക്കുട്ടി സൃഷ്ടിച്ചെടുക്കുന്നു.

ലൈംഗികത, അധീനത എന്നീ പാഠങ്ങൾക്കു പാഠാന്തരങ്ങൾ സൃഷ്ടി
ക്കുമ്പോഴാണ് സ്ത്രീയുടെ എഴുത്തിന് ദിശാബോധം കൈവരുന്നത്.
സ്ത്രൈണാനുഭവങ്ങളെ സ്ത്രീസ്വത്വാവിഷ്കാരങ്ങളായി പരിവർത്തി
പ്പിക്കുമ്പോഴേ ആ അനുഭവങ്ങളും എഴുത്തും കരുത്താർജ്ജിക്കൂ. സ്ത്രീ
എപ്പോഴും ബന്ധങ്ങളിൽ ഊന്നിനിന്നാണ് സ്ത്രീസ്വത്വാവിഷ്കാരം
നടത്തുക. നിശ്ചിതമായ ചട്ടക്കൂടുകൾക്കകത്ത് ബന്ധങ്ങളും പരസ്പര
സ്നേഹവും സ്ഥാപനവൽക്കരിക്കപ്പെടുമ്പോൾ, ശരീരകാമനകൾ
കൊണ്ട് അവയെ പ്രതിരോധിക്കാനുള്ള ശ്രമങ്ങളാണ് 'തണുപ്പിൽ'
കാണാനാകുക. 'ഞാൻ സ്നേഹത്തെകൂടി മറക്കാം' എന്നു പറയുന്ന
'തണുപ്പിലെ' കഥാപാത്രം ആത്മഭാവങ്ങൾക്കൊപ്പം ശരീരത്തെ പ്രതി
ഷ്ഠിക്കുകയാണ്. വ്യക്തി/സമൂഹബന്ധങ്ങളെ പ്രതിഷ്ഠിച്ചും അപ
നിർമ്മിച്ചും സ്ത്രീസ്വത്വാവിഷ്കാരങ്ങളുടെ സ്വാതന്ത്ര്യം 'തണുപ്പിൽ'
പ്രഖ്യാപിക്കുന്നുണ്ട്. ഒരു സ്ത്രീ സ്നേഹത്തെയും മറികടന്ന് സ്വന്തം
ശരീരത്തെ അഗാധമായി പ്രണയിച്ചുകൊണ്ട് തന്റെ ഇച്ഛാപൂരണത്തി
നായി മുന്നോട്ടു നിങ്ങുമ്പോൾ ആത്മാവ്/ശരീരം വിചാരം/വികാരം, പുരു
ഷൻ/സ്ത്രീ എന്നിങ്ങനെ സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാവിധ
ശ്രേണിബന്ധങ്ങളിലെയും ദ്വിതീയ സ്ഥാനങ്ങളാണ് മറിച്ചിടപ്പെടുന്നത്.

ദാമ്പത്യത്തിനു പുറത്ത് രൂപീകൃതമാകുന്ന ബന്ധങ്ങൾ മാധവിക്കു
ട്ടിക്കു മുൻപും പിൻപും വിഷയമായിട്ടുണ്ട്. ഭാര്യയ്ക്കും ഭർത്താവിനും
ഇടയിൽ പ്രത്യക്ഷപ്പെടുന്ന ജാരനെ ശത്രുപക്ഷത്തു നിർത്തി അപഥ
സഞ്ചാരിണികളെ ആത്യന്തികമായ വിധിക്കു വിട്ടുകൊടുക്കുന്നതാണ്
'സാമൂഹ്യപ്രതിബദ്ധത'യുള്ള ഏതു എഴുത്തിന്റെയും പതിവുരീതി.
ആധുനികതയും അത്യന്താധുനികതയും ബന്ധങ്ങളിലെ ഔപചാരി
കതയും സദാചാരനീതികളും പൊളിച്ചെഴുതി. എഴുത്തിൽ രതി നിയ
മാനുസൃതമാക്കി. അവിഹിതങ്ങളെ വിഹിതങ്ങളാക്കുമ്പോൾ സ്ത്രീ
എഴുത്തുകാർ പ്രത്യേകം ചില മുൻകൂർ ജാമ്യങ്ങൾ എടുത്തുവെയ്ക്കും.
സ്ത്രീയുടെ പുറത്തുപോകലിനു അവളുടെ പുറംബന്ധങ്ങൾക്ക് ഭർത്താ
വിന്റെ കഠിനമായ ദ്വേഷത്തിന്റെയോ വെറുപ്പിന്റെയോ കാരണ ന്യായീ
കരണങ്ങൾ നൽകി. ശക്തമായ ചില പശ്ചാത്തലങ്ങളൊരുക്കുക എന്ന





തായിരുന്നു അവരുടെ സുരക്ഷിതമാർഗ്ഗം.

മാധവിക്കുട്ടിയുടെ എഴുത്തു വ്യതിരിക്തമാകുന്നത് ഈ ഘട്ടത്തി
ലാണ്. പാപബോധം തീരെ ഇല്ലാതെയാണ് 'തണുപ്പി'ൽ സുഹൃത്തു
മായുള്ള സമാഗമം വിവരിച്ചുപോകുന്നത്. നിയന്ത്രണങ്ങൾക്കു വിധേ
യമാകാത്ത ശരീരത്തിന്റ കാമനകൾ എന്ന സത്യത്തെ അനാവരണം
ചെയ്യാനുള്ള ആർജ്ജവമാണിതിലുള്ളത്. ഈ സത്യകഥനം നൽകുന്ന
എല്ലുറപ്പ് സുഹൃത്തിനെ ജാരനെന്ന ഒളിനോട്ടങ്ങളിൽ നിന്നു സ്വതന്ത്രനാ
ക്കുന്നു. ഇങ്ങനെ സ്ത്രീയുടെ ഇച്ഛകളും പരിഗണനയർഹിക്കുന്നു എന്നും
അതിനായി ദാമ്പത്യത്തിനകത്തു നിന്നുകൊണ്ടുതന്നെ സ്വച്ഛമായ ചില
ബന്ധങ്ങൾ സാധ്യമാണെന്നും അവകാശപ്പെട്ടതാണ് മാധവിക്കുട്ടി
'തണുപ്പി'ൽ അടയാളപ്പെടുത്തിയ സ്ത്രീപക്ഷതയുടെ സ്ഫോടനാത്മകത.

ആൺ, പെൺ, സ്വവർഗ്ഗ ലൈംഗികസ്വാതന്ത്ര്യങ്ങളെല്ലാം നിയമാ
നുസൃതമായി അംഗീകരിക്കുന്ന ഇന്നിൽ നിന്നും അഞ്ച് ദശവർഷ
ങ്ങൾക്കു മുൻപ് 'തണുപ്പ്' എഴുതിയ മാധവിക്കുട്ടി മുൻപേ പറന്ന പക്ഷി
തന്നെയായിരുന്നു ആൺപക്ഷങ്ങളെ നിരാകരിച്ചുകൊണ്ട് സ്ത്രീയെ
അനാവരണം ചെയ്യുന്ന സ്ത്രീഎഴുത്തുകൾക്കു ബദലായി, അത്തരം
പെൺചേരിയിൽ കൂട്ടുകൂടാതെ എന്നാൽ ലൈംഗികതയ്ക്കു ആൺപ
ക്ഷങ്ങൾ മാത്രമല്ല പെൺപക്ഷങ്ങളുമുണ്ടെന്നു തുറന്നു പ്രഖ്യാപിക്കു
കയാണ് മാധവിക്കുട്ടി ചെയ്തത്. അതുകൊണ്ടാകാം എന്നും എഴു
ത്തിന്റെ ആൺപക്ഷവും പെൺപക്ഷവും ഒരുപോലെ മാധവിക്കുട്ടിയെ
അവരവരുടെ രചനാസമൂഹത്തിലെ ഒരു ലിറ്ററി റിബ്ബലായി പരിഗണി
ക്കാനാണ് തിടുക്കപ്പെട്ടത്.

വാർധക്യം ബാധിച്ച മനുഷ്യൻ-ഭർത്താവ് എന്ന യാഥാർഥ്യത്തെ
അംഗീകരിക്കുന്ന, ജീവിതത്തിന്റെ നൈരന്തര്യമെന്ന അനിഷേധ്യതയെ
ബോധ്യപ്പെടുന്ന ഒരു കഥാവസാനമാണ് 'തണുപ്പി'ന്. വളരെ സ്വാഭാ
വികമായി സ്ത്രീഹിതങ്ങളെ അനാവൃതമാക്കുന്ന 'തണുപ്പ്' പക്ഷേ
കടുത്ത നിരാസ തിരസ്കാരങ്ങളുടെ വിഗ്രഹഭഞ്ജനങ്ങൾ നടത്തുന്നില്ല
എന്നതു ശ്രദ്ധേയമാണ്. ദാമ്പത്യം, സ്നേഹം എന്നിവയുടെ നിർവചന
ങ്ങൾക്കു നവവ്യാഖ്യാനങ്ങൾ നൽകുമ്പോഴും ദാമ്പത്യം-പ്രണയം,
ആസക്തി-വിരക്തി, സ്നേഹം-രതി, ജീവിതം-മരണം എന്നീ അവസ്ഥ
കളുടെ വൈരുപ്യങ്ങളെ 'തണുപ്പ്' ഒരേ സമയം ധ്വന്യാത്മകമായി നിരാ
കരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. സ്വച്ഛസ്നേഹത്തിന്റെ
ഒഴിവാക്കാനാവാത്ത അടിയൊഴുക്ക് രചനയുടെ ജൈവരസതന്ത്രമാകു
ന്നതുകൊണ്ട് മനുഷ്യന്റെ കേവലേച്ഛകളോട് നീതിപുലർത്തിക്കൊണ്ടു
തന്നെ സ്ത്രീസത്തയോട് സത്യസന്ധമാകാനും അതു എഴുത്തിന്റെ
ആത്മലയമായി സന്നിവേശിപ്പിക്കാനും സാധിച്ചു എന്നതാണ് 'തണുപ്പ്'
അനുഭവിപ്പിക്കുന്ന ഊഷ്മളത.